കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിരണ്ട്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിരണ്ട്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The House of Lac, an illustration by Nandalal Bose (1882–1966). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 32 —

“അടിമപ്പണി ചെയ്യുമോ മഹാറാണി പാഞ്ചാലി?”, കൊട്ടാരം ലേഖിക ചോദിച്ചു. യമുനാതീരം, ഇന്ദ്രപ്രസ്ഥം എന്ന പുതുനഗരത്തിലെ, അരമന ഉദ്യാനത്തിലേക്കു മൺകുടത്തിൽ വെള്ളം ചുമന്നു ഔഷധച്ചെടികൾ നനക്കുകയായിരുന്ന, രാജസൂയയാഗം ചെയ്ത ചക്രവർത്തിപദവി നേടിയ യുധിഷ്ഠിരൻ ഉൾപ്പെടുന്ന പഞ്ചപാണ്ഡവരുടെ ഔദ്യോഗിക അംഗീകാരമുള്ള ‘ഏകഭാര്യ’.

“ഖാണ്ഡവപ്രസ്ഥം എന്ന മഹാപാപത്തിനു സാക്ഷിയാവേണ്ടി വന്ന സമീപഭൂതകാലമുണ്ട് മനസ്സിൽ. പ്രകൃതിയുടെ സന്തുലിതാവസ്ഥ സ്വയം നിയന്ത്രിതമായിരുന്ന വിശിഷ്ട ജൈവമണ്ഡലത്തെ പാണ്ഡവർ കത്തിച്ചു കരിക്കട്ടയാക്കുന്നതിന് ഞാൻ സാക്ഷി. വിഷജീവികളുടെ സാന്നിധ്യം ചൂണ്ടിക്കാട്ടി പ്രതിരോധ നടപടിയെന്നവർ കബളിപ്പിച്ചപ്പോൾ ഞാൻ എതിർത്തു. ആണധികാര പേശിബലത്തിൽ അവരെന്നെ കീഴ്പ്പെടുത്തി. നിത്യവും യമുനയിൽ തേച്ചുകുളിച്ചിട്ടും പാപം വിട്ടു പോയിട്ടില്ല. ഔഷധത്തോട്ടത്തിൽ പരിപാലിച്ചു വളർത്തുന്ന പച്ചില മരുന്നുകളിലൂടെ വേണം, അധികാര മോഹികളായ അഞ്ചു ഭർത്താക്കന്മാരുടെ പാപക്കറ ഉടലിൽനിന്നും തുടച്ചു നീക്കാൻ. അതല്ലാതെ ഈ ‘അടിമപ്പണി’ പരിസ്ഥിതി പോരാളിയുടെ പശ്ചാത്താപ പ്രകടനമൊന്നുമല്ല.”

“പാവംഭീമനു സ്വൈരം കൊടുക്കുന്നില്ലെന്ന പരാതിവരുന്നത്, പാണ്ഡവർക്കിടയിലെ ‘ദാർശനികൻ’ എന്നറിയപ്പെടുന്ന സഹദേവനിൽ നിന്നല്ലേ? കൗരവരിൽ നിന്നും ഭീമൻ തട്ടിയെടുത്ത അക്ഷയപാത്രത്തിൽ ഭക്ഷണം സ്വയം വിളമ്പിയെടുത്തു കഴിക്കുന്നതിൽ എന്തിനു നിങ്ങൾ കക്ഷി ചേരണം?” കൊട്ടാരം ലേഖിക പാഞ്ചാലിയോടു ചോദിച്ചു. വനവാസക്കാലം. തീൻശാലയിൽ വട്ടംചുറ്റിയിരുന്ന കൗന്തേയരഞ്ചുപേരും മത്സരക്ഷമതയോടെ വൈവിധ്യരുചി പലഹാരങ്ങൾ വെട്ടിവിഴുങ്ങുന്നതു കിടപ്പറ ജാലകത്തിലൂടെ കാണാമായിരുന്നു. ഉച്ചവെയിലിൽ ഹിമാലയതാഴ്വര.

“അക്ഷയ പാത്രത്തിലേക്കുള്ള സൗജന്യധാന്യ സംഭരണമോ, വ്യക്തിഗത രുചിഭേദങ്ങൾ പിന്തുടരുന്ന ആണധികാര പാചകമോ, ഭക്ഷണം വിളമ്പലോ കഴിക്കലോ ഒന്നുമല്ല, ഭീമന്റെ ഊട്ടുപുര പെരുമാറ്റരീതിയിലുള്ള അമർഷം, സഹദേവ സാന്നിധ്യത്തിൽ വെളിപ്പെടുത്തിയതിനുള്ള ചേതോവികാരം. ഉണ്ണാതെ ഇരിക്കുമ്പോഴും കാണാം, ഭീമൻ തടിച്ച നടുവിരൽ ചൂണ്ടിലും നാവിലും ‘രഹസ്യരുചി’ ആസ്വദിക്കുന്നത്. അതൊക്കെ അസ്വീകാര്യമായ അംഗചലനമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. എന്താണതിൽ ‘ദാർശനിക പാണ്ഡവ’ന്റെ പരസ്യ പരിദേവനത്തിനു കാര്യം? ഊണു കഴിഞ്ഞു എഴുന്നേൽക്കുമ്പോൾ ഏമ്പക്കം വിടുന്നത്, കൈ കഴുകിയാലും കുലുക്കുഴിയാതെ തിരിച്ചു വരുന്നത്, ഇതൊക്കെ കണ്ടിട്ടും ഭീമനെ ആസ്വാദനരതി സേവന ഗുണഭോക്താവാക്കാൻ എനിക്കാവുന്നുണ്ടല്ലോ. ഇനി ഞാനൊന്നും പറയാതെ തന്നെ നിങ്ങൾക്കുഹിക്കാം, ക്രോധത്തിന്റെ ഒരംശം പോലും ഈ കൊച്ചു ശാസനയിൽ പ്രതിഫലിക്കുന്നില്ല”.

◇ 2025/02/02 ◇

“മൂപ്പിളമതർക്കം തീർക്കാൻ സായുധ സംഘട്ടനമാണ് പരിഹാരമെന്ന ഉറപ്പിച്ചാൽ, ഭീഷണി കുരുവംശഭാവിക്കു മാത്രമാവില്ലെന്ന താക്കീതുമായി, ചാർവാകൻ ഊരു ചുറ്റുന്നുണ്ടല്ലോ. പാടത്തും പണിശാലകളിലും ജോലി ചെയ്യേണ്ട യുവാക്കൾ പരസ്പരം കൊന്നുകൊലവിളിച്ചാൽ, അത്രയും വിധവകൾ കോട്ടവാതിലിനു മുമ്പിൽ നാളെ ഭിക്ഷ യാചിക്കേണ്ടി വരില്ലേ?”, വിരാടരാജ്യത്തിലെ ഉപപ്ലവ്യ സൈനികപരിശീലന കേന്ദ്രത്തിൽ, തന്ത്രങ്ങൾക്കു മൂർച്ച കൂട്ടുകയായിരുന്ന പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധമേഘങ്ങൾ നിറഞ്ഞ ശരത്കാല സന്ധ്യ.

“അനിവാര്യമായ യുദ്ധങ്ങളെ അതിഭാവുകത്വത്തോടെ നിങ്ങൾ അടിച്ചമർത്തുന്നത് അസ്വീകാര്യമായി ഞാൻ കാണുന്നു. ഗംഗ ഒഴുകുന്ന ഹസ്തിനപുരി, ഫലഭ്രയിഷ്ഠമെങ്കിലും, കായ് ഫലം തിന്നാൻ ആവശ്യത്തിലധികം ആളുകൾ കൈനീട്ടിയാൽ പോംവഴി പ്രകൃതി കാണില്ലേ? കലവറക്കു താങ്ങാൻ ആവാത്ത പ്രജയെ ഉന്മൂലനം ചെയ്യാൻ മഹാമാരിയായും, വരൾച്ചയായും മഹാഭാരത യുദ്ധമായും പരിഹാരം കാണുമ്പൊൾ, അരുതെന്നു പറയുമോ അൽപകാല ആയുസ്സുള്ള യുക്തിവാദി ചാർവാകൻ?”

◇ 2025/02/03 ◇

“ഊഴം അനുസരിച്ച് പ്രജനനത്തിനു രതിസംഗമം, ഓരോ പാണ്ഡവനും ഓരോ സന്തതി, ഇവരിൽ ആർക്കെങ്കിലും, “ഇത് എന്റെ അല്ലല്ലോ” എന്ന പിതൃത്വ സംശയം തോന്നിയ ദുരനുഭവം ഉണ്ടോ?”, കൊട്ടാരം ലേഖിക പണ്ഡവരോട് ചോദിച്ചു.

“ഇതിൽ എന്താണ് പ്രത്യേകിച്ച് ഒരു ദുരനുഭവം? ഭർത്താവ് ദീനക്കിടക്കയിൽ സത്യസാക്ഷി ആയിരിക്കെ, വ്യത്യസ്തയിനം പരപുരുഷ ശാരീരികത്തിലൂടെ കുന്തിയും മാദ്രിയും മാതൃത്വ അവകാശം നേടി എടുത്തവരല്ലേ. ധീരമായി രതിസ്വാതന്ത്ര്യം ആസ്വദിച്ച ഒരു സ്വതന്ത്രസ്ത്രീസമൂഹം എന്തിന് ഇതൊക്കെ കേട്ട് പുരികം വളക്കണം? ഇനി പിതൃത്വസംശയം ഉണ്ടെങ്കിൽ തന്നെ, കുഞ്ഞിനെ തിരസ്കരിച്ച ഏതെങ്കിലും പാണ്ഡവൻ ഉണ്ടോ? അപ്പോൾ, അതല്ലേ നിങ്ങൾ മഹത്വപ്പെടുത്തേണ്ട പാണ്ഡവപെരുമ?”

“തപസ്സു ചെയ്ത ആകാശചാരികളിൽ നിന്നും ദിവ്യാസ്ത്രങ്ങൾ നേടിയ അർജ്ജുനൻ, രഹസ്യമന്ത്രം ജപിച്ച് ഒരു കുരമ്പ് വിട്ടാൽ ഉടൻ, കൗരവർ ചത്തുവീഴും എന്ന ഭീമവിലയിരുത്തൽ ഫലിച്ചുവോ? കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ സമിതി അധ്യക്ഷനോട് ചോദിച്ചു കുരുക്ഷേത്രം.

“ഇന്നുരാവിലെ വിട്ട കുരമ്പു പക്ഷേ, ചെന്നുകൊണ്ടത് കൗരവസ്ത്രീകളും കുട്ടികളും പാർക്കുന്ന കൂടാരങ്ങളിൽ. കുടില കൗരവർ അവിടെ ഒളിഞ്ഞിരിക്കുന്നു എന്ന് രഹസ്യവിവരം കിട്ടിയപ്പോൾ ദിവ്യാസ്ത്രം തെറിച്ചു, സ്ത്രീകളുടെ നിലവിളി കേട്ടപ്പോൾ അറിഞ്ഞു, അമ്പുചെന്നു കൊണ്ടത് അബലകളുടെ പാളയത്തിൽ!”

“ഇന്ദ്രപ്രസ്ഥയുടെ സാമന്തൻ മാത്രമല്ലേ ധൃതരാഷ്ട്രർ? കിരീടാവകാശി അല്ലാത്ത നിങ്ങൾക്ക് എങ്ങനെ, യുധിഷ്ഠിരനുമായി ചൂതാടാൻ സാധിക്കും? ശ്രേണീബന്ധങ്ങളുടെ ഇഴ കീറി പരിശോധിക്കുന്ന ‘യാഥാസ്ഥിതികതയുടെ നിറകുടങ്ങൾ’ അരങ്ങുവാഴുമ്പോൾ പ്രത്യേകിച്ചും?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. രാജസഭ അടിച്ചു കഴുകി മിനുക്കിയെടുക്കുന്ന തിരക്കിലായിരുന്ന ഊർജ്ജസ്വല കൗരവർ.

“അതല്ലേ ചൂതിന്റെ ചേതോഹാരിത, കിരീടത്തിലെ രത്നങ്ങൾ എണ്ണിനോക്കാത്ത ചൂതുകളിയുടെ സാർവ്വലൗകികത! ക്ഷണിച്ചത് ഞാനല്ല. മന്ത്രിവിദുരരെ പറഞ്ഞയച്ചു. ‘അധാർമ്മികം ചൂതാട്ടം’ എന്ന് എതിർക്കാൻ നോക്കി. ഇടഞ്ഞപോലെ ഞാൻ മുഖംകുറുപ്പിച്ചപ്പോൾ, വഴങ്ങി. “അനുകൂലമായി വന്നാൽ നിങ്ങൾക്ക് കൊള്ളാം” എന്ന മൃദുഭീഷണി ശബ്ദത്തിൽ വായിച്ചെടുത്ത വൃദ്ധമന്ത്രി, ഇന്ദ്രപ്രസ്ഥത്തിൽ പോയി അനുകൂലമറുപടിയുമായി തിരിച്ചെത്തിയപ്പോൾ വാമൊഴി ഒന്നും വേണ്ടിവന്നില്ല പാണ്ഡവപ്രതികരണം വായിച്ചെടുക്കാൻ. ഗാന്ധാരഭൂപതി ശകുനിയുടെ അച്ഛൻ മരിക്കും മുമ്പ് മകനോട് പറഞ്ഞു, “എന്നെ അടക്കം ചെയ്യുന്ന കല്ലറ ചരമ വാർഷികത്തിൽ നീ ശ്രാദ്ധം ചെയ്യുന്ന തറന്നാൽ, മാംസരഹിത വലതുതുടയെല്ല് നിനക്ക് വലിച്ചെടുക്കാം. അതായിരിക്കും കള്ളച്ചൂത കുരുനിർമ്മിതിക്കു അനുയോജ്യഭൗതികവസ്തു. അക്ഷരംപ്രതി എല്ലാം അനുസരിച്ച ശകുനി, കളിയിൽ ജയിക്കുക മാത്രമല്ല ലക്ഷ്യമെന്നു എനിക്ക് ഉറപ്പു നല്കി: ചോര ഒരു തുള്ളി വീഴാതെ, ഇന്ദ്രപ്രസ്ഥ അധികാരകൈമാറ്റം നിങ്ങൾക്ക് കാണാം, മാധ്യമപ്രവർത്തകക്ക് മുൻനിര ഇരിപ്പിടം!”

◇ 2025/02/05 ◇

“ഭീമകാരുണ്യത്തിൽ, ജരാസന്ധവധം വഴി ചക്രവർത്തിപദവി നേടിയ യുധിഷ്ഠിരൻ, പട്ടാഭിഷേകത്തിനു അടിമപ്പണി ചെയ്ത മറ്റു നാലു പാണ്ഡവർക്കു നേരെ കൃതിരകയറുന്ന പോലെ, നിങ്ങളെയും കീഴ്പ്പെടുത്തുവാൻ, ‘ധർമ്മപുത്രർ’ എന്ന നിർമ്മിതപ്രതിച്ഛായ ദുരുപയോഗം ചെയ്തുവോ? അതോ, വീട്ടിനകത്തും പുറത്തും ഒരുപോലെ സാത്വികവേഷം കെട്ടി ആടിയോ”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥം കാലം.

“ചാരിത്ര്യവതി എന്ന വിശേഷണം എനിക്ക് ചേരില്ലെന്നു ബഹുഭർത്തൃത്വം നീ അംഗീകരിച്ചതോടെ, നഷ്ടപ്പെട്ടല്ലോ പാഞ്ചാലീ എന്ന പരിദേവനത്തോടെ തുടങ്ങിയ യുധിഷ്ഠിരമൊഴി കേട്ട് ഞാൻ ഞെട്ടിയെങ്കിലും, പിന്നീടവൻ, “പതിവ്രത എന്ന വിശേഷണമെങ്കിലും ചേരുമോ എന്നു ഞാൻ നോക്കട്ടെ”, എന്ന് അയഞ്ഞു വിലപേശുന്ന മട്ടിൽ പറഞ്ഞപ്പോൾ എന്നെ ആ തലയിണവെല്ലുവിളി സ്തബ്ധയാക്കിയോ? “മുഖ്യഭർത്താവിന്റെ സന്മനസ്സുനേടാൻ ഈ വേഷംകെട്ടു പോരാ പാഞ്ചാലീ, നീ ആഞ്ഞു ശ്രമിക്കണം. ഭൂതകാലത്തു ഞങ്ങൾക്കു നഷ്ടപ്പെട്ട മാതൃവാത്സല്യവും പരിലാളനയും നീ മുതിർന്ന എനിക്ക് മാതൃമായി ഉറപ്പുവരുത്തണം” എന്നവൻ മുനവെച്ചപ്പോൾ, അവനെ കിടപ്പറയിൽ നിന്നും ഞാൻ ബഹിഷ്കരിച്ചു. ചക്രവർത്തിനി എന്ന നിലയിലുള്ള എന്റെ രാജസൂയ അവകാശങ്ങൾ ഞാൻ പായിൽ പ്രയോഗിച്ചു! മറ്റു നാലുപേർ ഊഴമനുസരിച്ചു ‘പരിലാളന’ കിട്ടി കിടപ്പറയിൽ നിന്നും തൃപ്തിയോടെ പുറത്തു പോവുമ്പോഴും, ‘തിരുവസ്ത്രധാരി’ യുധിഷ്ഠിരനു എന്റെ അന്തഃപുരത്തിൽ ഇനിയും കൊടുത്തിട്ടില്ല ഞാൻ പുനഃപ്രവേശനം!”

“വേണ്ടപ്പെട്ടവളുടെ വിരഹത്തിൽ അറിയാം, പ്രണയവേദന എന്ന ലോകനീതി നോക്കിയാൽ, ഇപ്പോൾ നിങ്ങൾ അഞ്ചുപേരും അനുസ്മരണയോഗം ചേർന്ന് കഥാവശേഷക്കു ആദരാഞ്ജലി അർപ്പിക്കേണ്ടതല്ലേ? എന്നാൽ എന്താണ് ഞാൻ കാണുന്നത്!” കൊട്ടാരം ലേഖിക ചോദിച്ചു. ശവമടക്കു കഴിഞ്ഞു പാണ്ഡവരെ പിന്തുടർന്നുവന്ന കൊട്ടാരം ലേഖിക നിരൊഴുക്കിൻ വക്കത്തു അത്താഴത്തിനു വഴി കണ്ടെത്തുന്ന തിരക്കിലായിരുന്ന പാണ്ഡവരെ അഭിവാദ്യം ചെയ്തു.

“മരിച്ചു എന്ന ജൈവിക യാഥാർഥ്യം, അവൾ ഇക്കാലവും ചൊരിഞ്ഞ അവിശ്വാസത്തിനു, ആശ്വാസം തരുന്ന ഒന്നല്ല, അത്രമാത്രം അവൾ പ്രണയിനി, ഭാര്യ, കൂട്ടുകാരി എന്നീ വൈവാഹിക നിലകൾ വിട്ടു ഞങ്ങൾക്കെതിരെ കിരീടാവകാശി പരീക്ഷിത്തുമായി കൂട്ടുചേർന്നു അരമനരാഷ്ട്രീയം കളിക്കുന്ന അധികാരമോഹി ആയപ്പോൾ ഞങ്ങൾ, പ്രതിസന്ധി അതിജീവിക്കാൻ ഏറ്റെടുത്ത മാരകായുധമായിരുന്ന മഹാപ്രസ്ഥാനം! അതെവിടംവരെ പോകുമെന്നു നമ്മളെല്ലാം ദൃക്സാക്ഷിയാവാൻ ഇടവരട്ടെ” കൂടെക്കൂടിയ അനാഥ പട്ടി യോജിപ്പറിയിക്കാൻ വാലാട്ടി, മറ്റുനാലുപേർ അപാരതയിലേക്കു ഉറ്റുനോക്കി വിതുമ്പി മുഖം തിരിച്ചു.

“അതു മൻമഹാറാണി കുന്തിയും കുട്ടികളും അല്ലേ? അവരെ ആട്ടി ഓടിക്കാമോ?”, കൊട്ടാരം ലേഖിക ബാലദുര്യോധനനെ ഓർമ്മിപ്പിച്ചു.

“അങ്ങനെ അല്ലല്ലോ കൂപാചര്യൻ ഗുരുകുലത്തിൽ പറഞ്ഞത്. ചെങ്കോൽ വലിച്ചെറിഞ്ഞു ഉത്തരവാദിത്വം ഇല്ലാത്ത അലസജീവിതം മോഹിച്ചു കാട്ടിൽ പോയ പിതൃസഹോദരൻ ഒരു മോശം രാജമാതൃക, എന്നാണല്ലോ. ധൃതരാഷ്ടർ സ്ഥാനത്യാഗം ചെയ്യുമ്പോൾ കിരീടാവകാശി പദവി കിട്ടേണ്ട ഞാൻ, കുന്തിയെയും കുട്ടികളെയും കൈകൊടുത്ത് സ്വീകരിക്കണം? തെറ്റായ രീതിയിൽ എന്നിൽ നീ സ്വാധീനം ചെലുത്തിയാൽ, മൊത്തം പതൃപ്രവർത്തകരെ പടിക്ക് പുറത്താക്കും ഞാൻ, അധികാരം കിട്ടുമ്പോൾ”. അതിലോല ആവാസ വ്യവസ്ഥ ഖാണ്ഡവവനം വളഞ്ഞുതീയിട്ട പാണ്ഡവരെ കൊട്ടാരം ലേഖിക വിചാരണ ചെയ്യുന്ന ഇന്ന വൈകുന്നേരം.

“പരിഭവം എന്ന പെൺആയുധം പലതവണ ഉപയോഗിക്കുമോ പാഞ്ചാലി?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥംനഗരം നിലവിൽ വരുംമുമ്പുള്ള ഖാണ്ഡവക്കാല സംഘർഷദിനങ്ങൾ.

“ദൈനംദിന പ്രവർത്തിയിൽ മാത്രമല്ല, ആലോചനയിലും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന പാഴ്ശ്രമം അവളുടെ ഭാഗത്തു കാണുമ്പോൾ പാണ്ഡവർ സ്വയംപ്രതിരോധ മുറയിൽ വഴങ്ങാറില്ല. ചെറുത്തു നിൽക്കാറുണ്ട്. കഴഞ്ഞു മറിഞ്ഞ ബഹുഭർതൃത്വ ദാമ്പത്യത്തിലും ആശ്വാസം, പ്രത്യാശ! മാദ്രിയുടെ മക്കൾ രണ്ടുപേരും കൗന്തേയ അവിശ്വസ്തതക്ക് ദൃഷ്പേരു കേട്ടവരായിരുന്നു. ഈയടുത്തകാലം അതു ഞങ്ങൾ മാറ്റിയെടുത്തു. നകലനെ വെറുക്കപ്പെട്ട ചാരവകുപ്പധ്യക്ഷനാക്കി ഞാൻ പൂട്ടി. തുറിച്ച നോട്ടത്തോടെ ഞാൻ പാഞ്ചാലിയുടെ കുടില നീക്കങ്ങളെ ക്കുറിച്ചു നകുലനോട് പുതുവാർത്ത കുത്തിക്കുത്തി ചോദിക്കും. വാർത്തക്കൊപ്പം അവന്റെ അഭിപ്രായം വേണ്ടെന്നു ഞാൻ വിരൽചൂണ്ടും. അപ്പപ്പോൾ ജാഗ്രത കാണിക്കും എന്നാൽ പാഞ്ചാലിയുടെ ഹൃദയ രഹസ്യങ്ങൾ? അതവൾ വെളിപ്പെടുത്താൻ വിസമ്മതിക്കും. പരിഭവം പരിദേവനം എല്ലാം കഴിഞ്ഞു പാഞ്ചാലി പ്രീണനവും പ്രലോഭനവും വഴി കാര്യം നേടാൻ കൗശലം കാണിക്കുന്നതിൽ എനിക്കെന്നും, തുറന്നുപറയട്ടെ, ഒരു ‘ഇര’യുടെ വേഷമാണുണ്ടാവുക എന്നറിയുന്ന സഹദേവൻ, കുത്തകയായ പൊള്ള ദാർശനികപദാവലിയാൽ ആശ്വാസം പകരും. ഇത്രയധികം സസ്യാഹാരികളായ കാട്ടുമൃഗങ്ങളെ നിത്യവും കൊന്നുചുട്ടെടുക്കാൻ ഈ മലയോരത്തു ഉണ്ടെങ്കിലും, ഭീമൻ, കാട്ടുമയിൽമുട്ട മോഷ്ടിക്കാനെടുക്കുന്ന കൗശലം, അതൊന്നുവേറെ! ഈ വിലക്ഷണഭ്രമികയിൽ വേണം അർജ്ജുനന്റെ അസ്ത്ര പ്രയോഗവുമായി കാടു വളഞ്ഞു, ആരോരുമറിയാതെ തീയിടാൻ. ഉടമസ്ഥാവകാശത്തോടെ, മായികനഗരി സ്ഥാപിക്കാനുള്ള മഹായജ്ഞത്തിൽ, നേരിട്ട് നിങ്ങൾ സജീവപങ്കാളി ആവില്ലെങ്കിലും, വാർത്തകളിലെങ്കിലും ‘ഹസ്തിനപുരി പത്രിക’, കൗരവ അരമനയിൽ സ്വാധീനശക്തിയായി ഞങ്ങളെ തുണക്കുമോ? അതോ, നീയും പാഞ്ചാലിയുടെ പ്രലോഭനവലയിൽ കുടുങ്ങുമോ!”

“ഒളിവിൽ പോയ കുന്തിയും മക്കളും നഴഞ്ഞുകയറാൻ ശ്രമം നടത്തിയോ?” കൊട്ടാരം ലേഖിക ദുര്യോധനനോടു ചോദിച്ചു. അരക്കില്ലം തീയിട്ട പാണ്ഡവരെ പിടികിട്ടാപുള്ളികൾ ആയി പ്രഖ്യാപിച്ച ദിനങ്ങൾ.

“നഴഞ്ഞുകയറിയാൽ, കഴുത്തിൽ പിടിച്ച തള്ളയെയും കൊമ്പന്മാരെയും ഉടനടി പഞ്ചാലയിൽ എത്തിക്കും എന്ന ഞങ്ങൾ അറിയിച്ചു. കേൾക്കേണ്ടവർ കേട്ടു”.

“ക്രൂരമ്പ് കൊണ്ട് നിലം പതിച്ച ധീരകർണനെ കാണാൻ ആരും വന്നില്ല?” കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ സമിതി അധ്യക്ഷനോട് ചോദിച്ചു.

“നിക്ഷ്പക്ഷത പാലിക്കേണ്ട സമിതി അംഗങ്ങൾ, കർണ്ണന്റെ മകനെ അറിയിച്ചു. അച്ഛൻ മരിക്കുന്ന എന്നറിഞ്ഞിട്ടും അന്ത്യമൊഴി കേൾക്കാൻ ചെവികൊടുക്കാതെ, “അധാർമ്മിക യുദ്ധം ചെയ്ത അർജ്ജുനൻ കർണ്ണന്റെ ജീവൻ എടുത്തു” എന്നൊക്കെ പ്രചരിപ്പിച്ചു. ദുര്യോധനൻ മാത്രം തിരക്കിൽ ഒന്ന എത്തിനോക്കി യാത്ര പറഞ്ഞു. കുന്തി പാളയത്തിൽ നിന്നും പുറപ്പെട്ട എന്നറിഞ്ഞു. എന്താ കാര്യം എന്ന മനസ്സിലായില്ല. പാണ്ഡവ മാതാവ് ശത്രുവിൽ അനുതപിക്കാൻ എന്തിന് വരണം?”

◇ 2025/02/07 ◇

“സുകുമാര കലകളിൽ പാണ്ഡവർ തിളങ്ങുമോ, അതോ വാളും കുന്തവും മാത്രം കൈകാര്യം ചെയ്യുമോ?”, കൊട്ടാരം ലേഖിക ചാർവാകനെ ചോദ്യം ചെയ്തു. ഇന്ദ്രപ്രസ്ഥം സ്ഥലജലഭ്രമക്കാലം.

“അഞ്ചു പേരും കൊട്ടി, പാടി. അർജ്ജുനൻ നൃത്തം, ധർമ്മപുത്രർ സത്സംഗം, കാണികളെ രാത്രി വൈകും വരെ അവർ വിസ്മയിപ്പിച്ചു. വേദിയിൽ നിന്നും മാറിയിരുന്ന പാഞ്ചാലിയോട് നകുലൻ പരിഭവത്തോടെ അഭിപ്രായം ചോദിച്ചപ്പോൾ, ഒരു നർത്തകിയുടെ മെയ് ചലനത്തോടെ, ഒരുമ്പെട്ടവളുടെ പ്രതികരണം, “ഭിന്നശേഷിക്കാരുടെ കലാമേള എന്ന നിലയിൽ നിങ്ങളെ അഞ്ചു പേരെയും രാത്രി ഞാൻ വിട്ടു തന്നല്ലോ!””

◇ 2025/02/09 ◇

“വനവാസത്തിൽ പോയ പാണ്ഡവർ എല്ലാം മെലിഞ്ഞു പരവശപ്പെട്ടല്ലോ. ഇതാണോ കൊട്ടിഘോഷിച്ച അക്ഷയപാത്രം ചെയ്തത്?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. കുരുക്ഷേത്ര.

“ ഞങ്ങൾ കരുത്ത് നേടി, സ്ഥലത നീങ്ങി. അക്ഷയപാത്രം വെറും തട്ടിപ്പ് എന്നും അനുഭവം വഴി അറിഞ്ഞു. വാരി, കോരി കഴിക്കുമ്പോൾ നാവിൽ കൗതുകം തോന്നും, എന്നാൽ വയറിലെ വിശപ്പ് മാറില്ല. കാട്ടിൽ ഇറങ്ങി സസ്യാഹാരി മൃഗങ്ങളെ വേട്ടയാടി കൂടിലിൽ കൊണ്ടു വന്നു, തൊലി പൊളിച്ച് പാഞ്ചാലി ചുടുമാംസം വേവിച്ച് വിളമ്പി, ഉടലുകൾ അതോടെ യുദ്ധസജ്ജമായി. ഇനി അർജ്ജുനന്റെ വിഷാദം മാറിയാൽ ഞാൻ ഗദ പുറത്തെടുക്കും.”

◇ 2025/02/10 ◇

“ചൂതാട്ടസഭയിൽ ഉണ്ടായ ഒരൊറ്റ അനിഷ്ടസംഭവം അല്ല യഥാർത്ഥ വസ്ത്രാക്ഷേപം, കൗരവ ലൈംഗികതയുടെ രഹസ്യ ചരിത്രം. നവവധുവായി ഞാൻ ഹസ്തിനപുരിയിൽ കാൽവച്ച ദിനം മുതൽ തുടങ്ങി, പുത്തൻ പൂക്കളുമായി കുടിലകൗരവരുടെ കാമന, രതിപ്രലോഭനം, തരം കിട്ടിയാൽ ഉടലധിനിവേശം, ഏകപക്ഷീയ സ്ത്രീവിരുദ്ധ വിചാരണയ്ക്ക് ശേഷം, എന്നെ അടിമയായി പ്രഖ്യാപിച്ച സ്ഥിതിക്ക് കൊട്ടാരം ലേഖികയോട് എല്ലാം ഒന്നൊന്നായി വെളിപ്പെടുത്തും, കുറ്റവാളികൗരവർ ആരൊക്കെ എന്ന് ഹസ്തിനപുരി പത്രിക വായനക്കാർക്ക് വ്യക്തമാവും.”

“നിങ്ങളും, പറഞ്ഞുവന്നാൽ കുരുവംശജരല്ലേ, എന്നിട്ടും കൗരവ രാജസ്ത്രീകളെ എന്തിനിങ്ങനെ പീഡിപ്പിക്കുന്നു എന്നാണ് പൊതുവേദിയിൽ ദുര്യോധന വിധവയുടെ പരിദേവനം. പെരുച്ചാഴിയും പഴുതാരയും മേയുന്ന കാട്ടുകുടിലിൽ നിങ്ങൾ വ്യാഴവട്ടക്കാലം കഷ്ടപ്പെട്ടതിനൊക്കെ കൗരവവിധവകൾ എന്തുപിഴച്ചു?”, കൊട്ടാരം ലേഖിക, ഔദ്യോഗികവക്താവ് നകുലനോട് ചോദിച്ചു. പാണ്ഡവ ഭരണത്തിൽ കൗരവവിധവകൾ ചേരി പ്രദേശത്തേക്കു കുടിയൊഴിപ്പിക്കപ്പെട്ട ദുരന്തകാലം.

“യുധിഷ്ഠിരനെ അങ്ങനെ പക്ഷം പിടിച്ചു വ്യാഖ്യാനിക്കരുതേ. വംശനിരപേക്ഷമായ ആഗോളകാഴ്ചപ്പാട് യുധിഷ്ഠിരനുണ്ടെന്നു ഇന്ദ്രപ്രസ്ഥംകാലം തെളിയിച്ചതല്ലേ. അതു മാറ്റാൻ മാത്രം കുരുക്ഷേത്രയിൽ ഒന്നും ഉണ്ടായില്ല. യുദ്ധസാഹചര്യത്തിൽ കൊല്ലപ്പെട്ടത് കൗരവർ മാത്രമാണോ? ഭീഷ്മർ, ദ്രോണർ, കർണ്ണൻ, അങ്ങനെ മഹാരഥന്മാർ എത്ര! കരാർലംഘനം ചെയ്ത ചൂതാട്ടക്കാരോടല്ലേ ഇടഞ്ഞത്? കഷ്ടം, അതൊക്കെ കുരുവംശീയതയിൽ വലിച്ചൊട്ടിക്കുന്നല്ലോ! വല്ലായ്മ തോന്നുന്നു. ചേരിപ്രദേശത്താണ് കൗരവ വിധവകൾ കഴിയുന്നതെന്നു ഉറപ്പുണ്ടോ? വിധവക്ഷേമം അന്വേഷിക്കുന്ന ഭീമൻ ഇന്നലെ തീൻശാലയിൽ യുധിഷ്ഠിരനോട് അഭിമാനത്തോടെ പറഞ്ഞു, സൗജന്യധാന്യവും കുടിവെള്ളവുമായി കൊട്ടാരത്തിൽ നിന്നും കാളവണ്ടികൾ പുനരധിവാസ കേന്ദ്രത്തിൽ എത്തുമ്പോൾ കൗരവരുടെ കൊച്ചുമക്കൾ “ഇവൻ ഞങ്ങൾക്ക് രക്ഷകൻ, പാണ്ഡവരാജൻ ഭീമൻ ഞങ്ങൾക്ക് എന്നെന്നും ആശ്രയം” എന്ന ഗീതമാലപിക്കുന്നു. അപ്പൊൾ, ഭീമൻ കേട്തു മിഥ്യ?”

“ജൈവവൈവിധ്യങ്ങൾ കൂട്ടിക്കാലം മുതൽ വിലമതിച്ച ഒരു വിസ്മയ ഭൂതകാലം നിങ്ങൾക്കുണ്ട്. വിദൂരഇടങ്ങളിൽ യാത്രകഴിഞ്ഞാണ് നിങ്ങൾ എത്തിയിരിക്കുന്നതു്. സമൂഹം നിങ്ങളെ ആദരിച്ച എന്ന ബോധ്യമുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വിദൂര ദ്വാരകാപുരിയിൽ നിന്നും, കൃഷ്ണസഹോദരി സുഭദ്രയെ തട്ടിക്കൊണ്ടു വന്ന പാഞ്ചാലിയെ കാണാൻ അനുമതി കാത്തിരിക്കുന്ന നേരം.

“ഇന്ദ്രപ്രസ്ഥത്തിന്റെ യമുനാ തീരങ്ങളിൽ മരം നടാൻ മാത്രമല്ല, പുഴയിൽ നിന്നും വെള്ളംകോരി നനച്ചു പരിപാലിക്കാനും കഴിഞ്ഞ എന്നെ, ഖാണ്ഡവവനം തീയിടാൻ മുൻകൈ എടുത്തതിന്റെ പേരിൽ കഴിഞ്ഞ വർഷം വനമിത്ര പുരസ്കാരത്തിന് പാഞ്ചാലി പരിഗണിക്കാത്തതിൽ പ്രയാസം തോന്നി, അതുകൊണ്ട് ഞാൻ പ്രതിഷേധിക്കാൻ നാടുവിട്ട് പോയി, കൂടുതൽ പറയാൻ സാഹചര്യം സമ്മതിക്കുന്നില്ല.”

“ഖാണ്ഡവവനത്തിൽ പാണ്ഡവർ പണിത പുതുനഗരത്തിൽ പുലിയിറങ്ങി, പുരയിടങ്ങളിൽ കുറുക്കൻ ഓലിയിട്ടു, കാട്ടാന കൃഷിയിടങ്ങൾ ചവിട്ടി നശിപ്പിച്ചു, ഇന്ദ്രപ്രസ്ഥം നഗരവാസികൾ അങ്ങനെ പരാതി ഒന്നും പറയുന്നതായി ഇന്നലെയും ഇന്നുമായി ജനസമ്പർക്കയാത്രയിൽ ഒരു തുമ്പും കിട്ടിയില്ല. വന്യപ്രകൃതിയും പ്രകൃതിവിരുദ്ധ മനുഷ്യനും തമ്മിൽ കൈവരിച്ച ആരോഗ്യകരമായ സന്തുലനം എങ്ങനെ സാധിച്ചു എന്നറിയാൻ കൗതുകമുണ്ട്.” കൊട്ടാരം ലേഖിക ചോദിച്ചു.

“അസന്തുലിതാവസ്ഥ ഒഴിവാക്കാൻ മുൻകൂർ പ്രകൃതിസൗഹൃദ നടപടി എടുത്തു എന്നൊക്കെ യുധിഷ്ഠിരൻ വാചാലമായി അവകാശപ്പെട്ടം. എന്നാൽ പാണ്ഡവർ യഥാർത്ഥത്തിൽ ഉപയോഗിച്ച ‘നൂതന സാങ്കേതികവിദ്യ’ ഞാൻ നേരിട്ട് കണ്ടറിഞ്ഞതാണ്. കാട്ട് വളഞ്ഞു അർജ്ജുനൻ തീയിട്ടു.”

◇ 2025/02/12 ◇

“ഒരു ദശാബ്ദത്തോളം നൂറ്റിഅഞ്ച പേരും, ഹസ്തിനപുരിക്ക് പുറത്ത ദ്രോണഗുരുകല അന്തേവാസികൾ ആയിരുന്ന എന്നാണ് അരമനരേഖ. ദ്രോണബോധനത്തിൽ കിട്ടിയ ത് ശരാശരിയിലുംതാഴെ സൈനിക പരിശീലനം എന്നാ ണോ യാഥാർഥ്യം?” കൊട്ടാരംലേഖിക നകുലനോട് ചോ ദിച്ചു. മഹാപ്രസ്ഥാനത്തിനു മുമ്പു ആവിഷ്ക്കാരകാലം.

“യുദ്ധത്തിനുമുമ്പ് ആരെങ്കിലും പഴിപറയുമോ ഐതിഹാ സിക ദ്രോണച്ചിട്ടയുടെ ദേശീയപ്രശസ്തി? ദുഷ്പചരണം ചെയ്യാൻ ആർക്കുണ്ട് അക്കാലത്ത സമനില! നിങ്ങൾ പറഞ്ഞതാണ് ശരി. പൂണ്ണൽധാരി എന്ന സമുന്നത ജാ തിശ്രേണിയും, ഉയരവും നിറവും ആകാരഭംഗിയും മൊ ത്തം കേമൻ എന്ന രൂപഭാവവും കൂടി അമാനുഷഗുരുവാ യി ദ്രോണരെ കാണാൻ കൃപാചാര്യൻ ഞങ്ങളിൽ നേര ത്തേ ദുഃസ്വാധീനം ചെലുത്തി. പ്രായത്തിലുമുണ്ടല്ലോ വ്യ ത്യാസം. ആയുധശാലയിൽ ദിവ്യാസ്ത്രം കണ്ടാല്പോലും ഞെട്ടരുത് എന്ന ഭീഷ്മതാക്കീത ശ്രദ്ധാപൂർവ്വം അരമന ഉദ്യോഗസ്ഥർ ചാർത്തി. നേരിൽകണ്ട ദ്രോണരുടെ മു ഖം, ഞെട്ടിക്കൊണ്ടാണെങ്കിലും യുദ്ധ കാലത്ത ഞാനും സഹദേവനും നന്നേ ആസ്വദിച്ചു, ഭീഷ്മർ ശരശയ്യയിൽ കി ടന്നശേഷം ദ്രോണർ, കൗരവസേനാപതിപദവി വഹി ക്കുമ്പോൾ, മകൻ അശ്വത്ഥാമാവ് മരിച്ച എന്ന യുധിഷ്ഠിര സ്രോതസ്സായ പ്രചാരണ നിർമ്മിതിയിൽ വിശ്വസിച്ച പു ത്രമരണത്തിൽ സഹിക്കവയ്യാതെ ആയുധം താഴെയിട്ട ദുർബലനിമിഷത്തിൽ, പാണ്ഡവസേനാപതി ധൃഷ്ടദ്യുമ്നൻ കഴുത്ത വെട്ടിയപ്പോൾ “വ്യർത്ഥജീവിതം ദ്രോണജീവി തം” എന്നുച്ചരിച്ച ഞങ്ങൾ ആഘോഷമായി അന്ന രാത്രി നീന്തിക്കുളിച്ചു ശത്രുമരണം ആഘോഷിച്ചു. ഗുരുനാഥനെ ക്കുറിച്ചു വിശേഷാൽ പതിപ്പിൽ ഈ ഓർമ്മ മതിയോ, അതോ ഞങ്ങളെക്കൊണ്ടയാൾ ചെയ്യിച്ച രാത്രികാല അശ്ലീലങ്ങൾ വെളിപ്പെടുത്തണോ?”

“രാവിലെ അഞ്ചുപേരും കാട്ടിൽ പോവുന്നല്ലോ, എന്താ കാര്യം?” കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവരുടെ വനവാസം അവസാനിക്കാനുള്ള കാലം ആയിരുന്നു.

“അക്ഷയപാത്രം ആശ്രയിക്കുന്ന ഭക്ഷണക്രമം ആയിരു ന്ന പത്ത പതിനൊന്നു വർഷങ്ങൾ. ഒരു ദിവസം ഞാൻ തുറന്നു പറഞ്ഞു അഞ്ചു പേർക്കും കായികക്ഷമത സംശ യാസ്പദമാണ്. ഭക്ഷണം കിട്ടുന്നത് അക്ഷയപാത്രത്തിൽ നിന്നാവുമ്പോൾ എങ്ങനെ കായികക്ഷമത കൂടും, യുദ്ധം ചെയ്യാൻ വേണ്ട ഉടൽ അല്ല ഇപ്പോൾ. പോഷകമൂല്യം ഇല്ലാത്ത ധാന്യം കഴിച്ചാൽ പോരാ. അതോടെ മാംസാ ഹാരം അത്യാവശ്യം എന്നവർ തിരിച്ചറിഞ്ഞു, അഞ്ചുപേ രും പല വഴിക്ക് പോവും മുയൽ, മാൻ, കാട്ടുപോത്ത്, ഇരകളെ നേടാൻ രാവിലെ പോയി ഉച്ചയോടെ തിരി ച്ചെത്തും സസ്യാഹാരിയായ എന്റെ ജോലി? മൃഗമാംസം ഊട്ടുപുരയിൽ വേവിച്ചും ചുട്ടും ഭക്ഷ്യയോഗ്യമാക്കുക,”, അർ ഥഗർഭമായിരുന്ന ദ്രൗപദിയുടെ വാക്കും നോട്ടവും.

◇ 2025/02/13 ◇

“പൂവണിയാത്ത മോഹം വല്ലതുമുണ്ടോ കരളിൽ?”, തളർന്നുവീണ പാഞ്ചാലിയെ കൈകളിൽ താങ്ങി കൊട്ടാരം ലേഖിക ചോദിച്ചു.

“എന്തിലും ഏതിലും മുൻഗണനയുടെ ക്രമപ്രശ്നം ഉന്നയിച്ചു, മാദ്രിമക്കളോടുള്ള എന്റെ പ്രണയത്തെ തടഞ്ഞ യുധിഷ്ഠിരന്റെ മരണമായിരുന്നു ആദ്യം വേണ്ടിയിരുന്നത്. കുന്തിമക്കളാൽ ബഹുഭർതൃത്വ ദാമ്പത്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട നകുലനും സഹദേവനും, അവരർഹിക്കുന്ന വാത്സല്യം വാരി കൊടുക്കാൻ ഇനിയും ജനിക്കുമോ ഞാൻ വരുംയുഗത്തിൽ?”

“നിങ്ങൾ ഉൾപ്പെടെ ഒന്നരണ്ടുപേർ ദേശീയശ്രദ്ധ, അഥവാ കുപ്രസിദ്ധി, നേടിയപ്പോൾ, തൊണ്ണൂറ്റിഎട്ടു കൗരവരും വെള്ളം കോരി വിറകു വെട്ടി, തിരിച്ചടിക്കായി കാത്തു നിൽക്കുകയല്ലേ! അവർക്കുമുണ്ടാവില്ലേ, അവഗണനയിൽ പരിഭവങ്ങൾ, ഭാവിയെക്കുറിച്ചു പ്രത്യാശകൾ? ക്രൂരമാറിയാൽ തകരില്ലേ പട്ടാഭിഷേകമെന്ന നിങ്ങളുടെ പകൽക്കിനാവ്?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര, യുദ്ധത്തലേന്നു.

“ചാരസംഘങ്ങൾ വഴി അധികാരസാധ്യതയാൽ പ്രലോഭിപ്പിച്ചു. വിശ്വസ്തതാപരീക്ഷണത്തിൽ, അഥവാ പരീക്ഷയിൽ, ആരും വീണില്ല. അവരുടെ ഭാര്യമാരെ ഭീമൻ നേരിട്ട് ബന്ദിയാക്കി, പാണ്ഡവപക്ഷത്തേക്ക് ക്രൂരമാറ്റത്തിന് പ്രേരിപ്പിക്കുന്ന പ്രഹസനവും കുരുതലോടെ അരങ്ങേറി. ആരും വീണില്ല. കുലദേവത ജ്വാലാമുഖി ക്ഷേത്രാങ്കണത്തിൽ സ്വയംകുത്തി മുറിവേൽപ്പിച്ച ചുടുചോരയാൽ പരസ്പരം തിലകംചാർത്തി സത്യപ്രതിജ്ഞ ചെയ്യിക്കുന്ന വികാരനിർഭര‘യജ്ഞ’വും കഴിഞ്ഞതേ ഉള്ളു. എന്നിട്ടും ഏതെങ്കിലും പാർശ്വവൽകൃത കൗരവൻ പോരാട്ടത്തിന്നിടക്ക് ഭീമഭീഷണിക്കുവഴങ്ങി ക്രൂരമാറിയാൽ? ദ്രോണപുത്രൻ അശ്വത്ഥാമാവിനറിയാം നെറികെട്ടവർക്കെതിരെ എങ്ങനെ പാതിരാമിന്നലാക്രമണം ഒരുക്കണമെന്ന്!”

◇ 2025/02/14 ◇

“മത്സരംജയിച്ചു സ്വന്തമാക്കിയ വിശ്വസുന്ദരിയോടുള്ള പ്രണയത്തെ മുന്നോട്ടെടുക്കുന്നതു പാരസ്പര്യത്തിലൂന്നിയ വൈകാരിക ഇഴയടുപ്പമാണോ, അതോ കാമനയിലൂന്നിയ ഉടലാസ്വാദനമാണോ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. ഖാണ്ഡവപ്രസ്ഥത്തിലേക്കു ഭാഗ്യാന്വേഷികളായി പോവാൻ തീരുമാനിച്ച കാലം. ഹസ്തിനപുരി.

“രതിസാമ്രാജ്യത്തിലെ പ്രേമസല്ലാപത്തിന്നിടയിൽ ഞാൻ ചോദിച്ചു, പാവം കുന്തിയെ പോലെ അധ്വാനിച്ചല്ല നീ ഒന്നിലധികം ഇണകളെ ബഹുഭർതൃത്വത്തിൽ നേടിയത്. എന്നാൽ കുന്തിയുടെ മകനായ എനിക്ക് ഒന്നിലധികം ഇണകളെ ബഹുഭാര്യാത്വത്തിൽ നേടാൻ യുവത്വം മുഴുവൻ അധ്വാനിച്ചാലും ആവില്ലെന്ന് യാഥാർഥ്യബോധമുള്ള അന്തഃരംഗം പറയുന്നു. പിന്നെ കിടപ്പറയിൽ അവളെന്നെ വിരുന്നൂട്ടിയിട്ടില്ല.”

“നിങ്ങളുടെ ഹൃദയം പ്രണയസാന്ദ്രമാവുന്നതു അർജ്ജുനനോടൊപ്പം കിടക്കുമ്പോൾ മാത്രമെന്ന് പാണ്ഡവരിലൊരാൾ പറയുന്നു. അസൂയാലുവിന്റെ വാക്കായിരിക്കുമോ? അതോ, നേരനുഭവങ്ങളുടെ യാഥാർഥ്യമുണ്ടോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ആൺപെൺ ആകർഷകത്വത്തിന്റെ പുതുമ മാറാത്ത പാഞ്ചാലിയുടെ ഇന്ദ്രപ്രസ്ഥം മഹാറാണി കാലം.

“സ്വയംവരപ്പന്തലിൽ അർജ്ജുനൻ മത്സരവിജയം അവകാശപ്പെട്ടപ്പോൾ, ഉടലിലും ഉടമസ്ഥാവകാശം എന്നമട്ടിൽ പരാമർശങ്ങൾ കേൾക്കാൻ ഒന്നിലധികം ഭർത്താക്കന്മാരിൽ നിന്നും അവസരമുണ്ടായി. സൈനിക പരിശീലനത്തിൽ ലഭിക്കാവുന്ന അസ്ത്രപ്രയോഗ വൈദഗ്ദ്ധ്യത്തിൽ കവിഞ്ഞു, പെൺഹൃദയത്തെ വശീകരിക്കാനാവുന്ന പൂവമ്പൊന്നും ആ ദുരഭിമാനിയുടെ ആവനാഴിയിൽ ഇല്ല എന്നതു മാത്രമാണ് അർജ്ജുനനെക്കുറിച്ചെനിക്കു നിലവിലുള്ള പരമാർത്ഥം. കൂടുതൽ ബോധ്യപ്പെടുമ്പോൾ അഭിപ്രായം വീണ്ടും ചോദിക്കുക.”

“കാര്യമറിയാതെ പരിഹസിക്കരുത് എന്ന് പാഞ്ചാലി ഹസ്തിനപുരി പത്രികയോട്. ഇരയോ അതിജീവിതയോ അല്ല ഞാൻ. ആദ്യരാത്രിയിൽ ഒരു മുൻ പരിചയവും ഇല്ലാത്ത നാലുപേർ ഭർത്താവിനൊപ്പം എന്റെ പായ പങ്കിടുമ്പോൾ പോലും, സമനില തെറ്റാതെ പെരുമാറി അവരെ വരച്ച വരയിൽ നിർത്തിയ ഒരു സുതാര്യ ബഹുഭർതൃത്വ ദാമ്പത്യം എനിക്കുണ്ട്. ആരാധകരിൽ ഒരാൾ എന്റെ ഉടുതുണി ഒന്ന് വലിച്ചു എന്നതൊന്നും പെണ്ണഭിമാനം ചോർത്തിയ കാര്യവും അല്ല. അഞ്ച് പെറ്റ എന്നെ ഒന്നാം ഭാര്യ ആയി സ്വീകരിക്കാം എന്നാണവൻ മോഹിപ്പിച്ചത്. അതിനു മറുപടി പറയാതെയാണ് നിയമപ്രശ്നത്തിൽ, കൊള്ളരുതാത്ത പാണ്ഡവർക്കൊപ്പം ഇപ്പൊൾ പടി ഇറങ്ങുന്നത്.”

◇ 2025/02/15 ◇

“പോരാട്ടത്തിൽ ആര് ജയിച്ചാലും, അഭിമന്യുവധം കടിലകൗരവർ മലിനപ്പെടുത്തുമെന്ന ആശങ്ക പങ്കിട്ട കൊണ്ടാണല്ലോ ‘നിഷ്പക്ഷ യുദ്ധനിരീക്ഷകർ’ ശവസംസ്കാരത്തിന് ശേഷം മടങ്ങിയത്. എവിടെ പിഴച്ചു എന്ന ഭീതിയുണ്ടോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“അന്തസ്സില്ലാത്ത ആക്രമണത്തിന്റെ അവതാരകനായിരുന്നില്ലേ പരേതഅഭിമന്യു? മുറിവൈദ്യൻ ആളെ കൊല്ലും എന്ന നാട്ടുമൊഴി അവനെ, അവനെ മാത്രം, ഉദ്ദേശിച്ചാണെന്നു ലോകമാകെ വ്യക്തമായി. പുറത്തു ചാടാനുള്ള രഹസ്യവാക്ക് പഠിക്കാതെ പത്മവ്യൂഹത്തിൽ നുഴഞ്ഞുകയറി എങ്കിൽ, തിരിച്ചുവരവു ഉദ്ദേശിക്കാത്ത ചാവേർ ആക്രമണത്തിനാവില്ലെ സാധ്യത? മാരകായുധവുമായി കൈഉയർത്താൻ ശ്രമിച്ച നേരം നോക്കി, കർണ്ണൻ കുത്തിയിരുന്നില്ലെങ്കിൽ, സർവ്വനാശം വിതക്കുമായിരുന്നു. ശ്വാസംപിടിച്ചാണ് അന്ത്യരംഗം കണ്ടത്. കൗമാരത്തിൽ കർണ്ണന്റെ മനഃസാന്നിധ്യവും പോരാട്ടമികവും അംഗീകരിച്ചതാണെന്റെ നേട്ടം. പോർക്കളപ്പെരുമാറ്റച്ചട്ടം പാലിക്കാതെ കരിമ്പിൻ തോട്ടത്തിലെ മദയാനയെ പോലെ വന്ന അഭിമന്യു, യഥാർത്ഥത്തിൽ അർഹിച്ചതിൽ കുറവു നേരം കൊണ്ട് കഥാവശേഷനായി. കൊന്നാലുംപോരാ, ചത്തവന്റെ ശവമടക്കിൽ കണ്ണടക്കാതെ നിന്ന് കൊടുക്കയും വേണം എന്ന് വച്ചാൽ?” ദുര്യോധനൻ അഭിമന്യുവധം ആഘോഷിക്കാൻ പാളയത്തിലേക്ക് വലിഞ്ഞുനടക്കെ ഇരുട്ടിൽ മറഞ്ഞുനിന്ന അർജ്ജുനൻ, കൊലയാളികളെ വിരലെണ്ണി പ്രതികാരത്തിനായി അവസരം കാത്തു.

“പാണ്ഡവരെ പറഞ്ഞയച്ചത് ഇന്ദ്രപ്രസ്ഥം കയ്യടക്കാൻ എന്നു തെളിഞ്ഞല്ലോ.” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

“കൗരവ അധിനിവേശം എന്ന് വിശാലമായി സമാധാനിക്കാം. ഒരുനാൾ ഇന്ദ്രപ്രസ്ഥത്തിലെ കുരുവംശആധിപത്യം നീക്കും, മിതത്വം പാലിക്കും. അഹിംസ തന്നെ മുഖ്യ ആയുധം. വേണ്ടി വന്നാൽ ധൃതരാഷ്ട്രരെ ബന്ധിയാക്കും, കുടൽ കീറി ചോരകുടിക്കും എന്നു ദുശ്ശാസനനെ ഭയപ്പെടുത്തും. അതിനിടയിൽ പാഞ്ചാലിയെ ചൊല്ലി ഗാർഹിക തർക്കങ്ങളിൽ ഏർപ്പെടും. ഒന്നിലും അനാസ്ഥ കാണിക്കില്ല. ഉറപ്പ്.”

◇ 2025/02/17 ◇

“പാണ്ഡവകുടുംബത്തെ തല മുണ്ഡനം ചെയ്യും, നഗ്നപാദരാക്കിയും വേണോ വനവാസത്തിൽ വിടാൻ?”, കൊട്ടാരം ലേഖിക ദുര്യോധനനെ ചോദ്യം ചെയ്തു.

“ഭാര്യയെ പണയംവച്ച അധാർമ്മിക യുധിഷ്ഠിരന് മാതൃകാശിക്ഷ വേണ്ടേ? അന്യപുരുഷന് ഉടൽ വിധേയപ്പെട്ട പഞ്ചാലിക്ക് അർഹതപ്പെട്ടതല്ലേ മുണ്ഡനം? സൗഹൃദസന്ദർശനം മറയാക്കി ഹസ്തിനപുരിയിൽ വന്ന പാഞ്ചാലിയുടെ പ്രലോഭനനത്തിന് കൂട്ടുനിന്ന പാണ്ഡവ അനീതികണ്ടിട്ടും, അനങ്ങാതെ ഇരുന്ന നാലുപേർക്കും വേണ്ടേ പാഠം? വിവേകവചനത്തിന്റെ പ്രതീകമായ വിദുരർ, കൗരവരുടെ അചഞ്ചല നീതിബോധത്തിനു മുമ്പിൽ ശിരസ്സ് താഴ്ത്തിയല്ലോ. പിന്നെന്താ നിങ്ങൾക്ക് മാത്രം ഫണം?” ഇന്ദ്രപ്രസ്ഥം കൊള്ളയടിക്കാൻ കൗരവരുടെ പദ്ധതി തയ്യാറാവുന്ന ദിനങ്ങൾ.

“നിങ്ങൾ അനുമതി കൊടുത്തപോലെ ആണല്ലോ ദുര്യോധനവിധവ നിത്യവും തെരുവോരങ്ങളിൽ ആളെ കൂട്ടി ആരോപണങ്ങൾ എഴുന്നള്ളിക്കുന്നത്.” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു. പാണ്ഡവർ ഹസ്തിനപുരി ഭരിക്കുന്ന ദിനങ്ങൾ.

“കുരുക്ഷേത്രവിധവകളെ പ്രതിപക്ഷമായി തുറന്ന ഹൃദയത്തോടെ യുധിഷ്ഠിരൻ അംഗീകരിച്ചു. അവർക്ക് പാണ്ഡവരെ ഇഷ്ടം പോലെ വിമർശിക്കാം, എന്നാൽ ഹസ്തിനപുരിയെ വിമർശിക്കുമ്പോൾ, രാജ്യസ്നേഹത്താൽ ഉള്ളു നീറണം. നൂറുപേരും വധുക്കളായി പലയിടങ്ങളിൽ നിന്നും കുടിയേറിയവർ, അതുകൊണ്ടായിരിക്കുമോ അവർ ഹസ്തിനപുരി എന്ന് വാതുറന്ന വിമർശിക്കുമ്പോൾ ഞെരമ്പിൽ ചോര തിളക്കാത്തത്, കഷ്ടം!”

“ഒറ്റ നോട്ടത്തിൽ അറിയാം, നിന്നെ ആരോ വേദനിപ്പിച്ചു, ആരാണവൻ?”, കീചകൻ പാഞ്ചാലിയെ ആശ്വസിപ്പിച്ചു. വിരാട രാജധാനി. പാണ്ഡവ അജ്ഞാതവാസം.

“ഭീമൻ എന്ന മൂന്നാം ഭർത്താവിന് ഇന്നുമുണ്ട് ശ്രദ്ധാലോചനാസിദ്ധാന്തം, കണക്കുകൂട്ടി അവൻ കണ്ടെത്തി, സൈനികപദവിയുള്ള നിന്റെ നിശാകാമുകൻ അവിവാഹിതനും യുവാവും ഒക്കെ ആയിരിക്കാം, എന്നാൽ അവൻ നിനക്കു ചാരിത്ര്യഭീഷണി ഉയർത്തുംമുമ്പ് കശാപ്പ് ചെയ്യാം, നിശാനാടകത്തിൽ അവനെ വശീകരിച്ച് രാത്രി നൃത്തമണ്ഡപത്തിന് പിന്നിലെ വിശ്രമമുറിയിൽ വരുത്തിയാൽ തീർന്നു നിന്റെ അഭിനയം, മുഖം മൂടി ധരിച്ച് അവന്റെ പ്രലോഭനം ഞാൻ നിർത്തും”.

“മുൻവിവരം തന്നതിൽ ഞാൻ നിന്നോട് കടപ്പെട്ടു പാഞ്ചാലി. ഇന്ന് വിശ്രമമുറിയിൽ കിടക്കാൻ പകരക്കാരനെ കണ്ടെത്തുംവരെ നീ എന്റെ കിടപ്പുമുറിയിൽ ഒളിഞ്ഞിരിക്കൂ. അർദ്ധരാത്രി നാം രണ്ടുപേരും ഒരുമിച്ചുപോയി, ഭീമനും എന്റെ പകരക്കാരനും തമ്മിൽ പോരാട്ടം ആസ്വദിക്കാം, ഇനി എന്റെ മടിയിൽ ഇരുന്ന ഭക്ഷണം കഴിക്കാം. ആട്ടിൻകുട്ടിയെ നീ സ്വയം അറുത്ത് പാചകം ചെയ്യാം എന്ന് പറഞ്ഞല്ലെ ഇന്ന് പുലർച്ച നീ അന്തഃപുരത്തിലേക്ക് പോയത്, മാംസഭക്ഷണം കഴിച്ച് തുടങ്ങാം ഉടലാനന്ദം ആദ്യഘട്ടം ആസ്വാദനം!”

◇ 2025/02/18 ◇

“ഭീമൻ നിങ്ങളോട് ചൂടാവുന്നത് കണ്ടല്ലോ, എന്താ കാര്യം?”, കൊട്ടാരം ലേഖിക ചോദിച്ചു. അരമന ഊട്ടുപുര, യുദ്ധാനന്തര പാണ്ഡവരുടെ ഹസ്തിനപുരിഭരണകാലം.

“ഞാൻ നിത്യവും, അതിരാവിലെ കൊണ്ടുവരുന്ന ആട്ടിറച്ചി സ്വാദ് പോരാ എന്നാണ് സ്ഥിരം പരാതി. ആട്ടിൻകുട്ടികളെ ഇവിടെ കൊണ്ടുവന്ന അറുത്തു കൊടുത്തു നോക്കി. രക്ഷയില്ല. വനവാസകാലത്ത് നായാടി തിന്ന വേട്ടയിറച്ചിക്കെന്ത് വഴി എന്നാണ് എന്നോട് വെല്ലുവിളി. കൗരവരെ കൊന്ന ഗദ കൈവശം ഉണ്ടെങ്കിൽ നായാട്ടിന് പോയിക്കൂടെ എന്ന ഞാൻ സൗമ്യമായി ചോദിച്ചു. ഞണങ്ങിയ ഭീമഗദയെ ഞാൻ മാനിച്ചില്ല എന്നും പറഞ്ഞു എന്നെ മൃഗമാംസ വിതരണത്തിൽ നിന്നും അതോടെ ഒഴിവാക്കി. പാവം, പാണ്ഡവ രാജകുമാരൻ ഒക്കെ ആണെങ്കിലും, ഉള്ളുനിറയെ കാട്ടുമാംസം കൊതിക്കുന്ന ഒരു വനജീവി!”

“ധർമ്മപുത്രർ എന്ന നിന്റെ മഹിമയെ ആദരിച്ചു വരം തരാം, എന്നാൽ നിബന്ധന ഉണ്ട്”, എന്ന് ആകാശചാരി പറഞ്ഞപ്പോൾ നിബന്ധന ഇത്ര ഹൃദയഭേദകമായ ഒന്നാവും എന്നു ജ്യേഷ്ഠൻ കരുതിയില്ല”, നകുലൻ പറഞ്ഞു. ചുണ്ടനക്കാതെ പാഞ്ചാലി മിഴിചലനത്തിലൂടെ നിബന്ധന എന്തെന്ന് ചോദിച്ചു.

“ഭാര്യയും നാലു സഹോദരന്മാരും ഇന്ദ്രപ്രസ്ഥം വീണ്ടെടുത്തു പഴയ പോലെ ജീവിക്കും, എന്നാൽ അവർ ആരും നിന്നെ കണ്ടാൽ പിന്നെ തിരിച്ചറിയുകയില്ല.” വരം വേണ്ട എന്ന നിലപാട് സൂചിപ്പിച്ചു ചുമൽ കുലുക്കി ധർമ്മപുത്രർ വീണ്ടും വനവാസ കടിലിലേക്ക് വഴി നടന്നു.

“പാഞ്ചാലിയുടെ അഞ്ചുമക്കൾ പാതിരാ മിന്നൽ ആക്രമണത്തിൽ കൊല ചെയ്യപ്പെട്ടിട്ടും അഭിമന്യുവിന്റെ ഭാര്യ ഉത്തരയുടെ ഓമനമുഖം പ്രസന്നമായിരിക്കുന്നല്ലോ.” കൊട്ടാരം ലേഖിക യുദ്ധകാര്യലേഖകനോട് ചോദിച്ചു. എല്ലാവരും ഹസ്തിനപുരിയിലേക്ക് മടങ്ങുന്ന നേരം.

“ആർക്കറിയാം! ഉത്തരയുടെ ഭർത്താവ് അഭിമന്യു കൊല്ലപ്പെട്ടപ്പോൾ പാഞ്ചാലിയുടെ മുഖവും അപ്രസന്നമായിരുന്നില്ല എന്നാണ് ഓർമ്മ. അഞ്ചുമക്കളിൽ മൂത്തവൻ ചെങ്കോൽ പിടിക്കും എന്നവൾ വ്യാമോഹിച്ചു. അഞ്ച് പാഞ്ചാലിമക്കളും കൊല്ലപ്പെട്ടപ്പോൾ, ഉത്തരയിൽ പ്രത്യാശ വഴിതുറന്നു. പരീക്ഷിത്ത് ഗർഭശ്രീമാൻ എന്ന നിലയിൽ അവകാശിയായി. പാഞ്ചാലി റാണി ആയാലും, അവൾക്കല്ല രാജമാതപദവി എന്നതിൽ എന്തോ പ്രകൃതി ശക്തികളുടെ ഇടപെടൽ ഉണ്ടോ എന്ന് സഹദേവനോട് ചോദിക്കാം” അവർ ഇളമുറ പണ്ഡവനെ തേടി മുന്നോട്ട നടന്നു.

◇ 2025/02/19 ◇

“നിങ്ങളുടെ താക്കീത് അസ്ഥാനത്തായി എന്നു ഞങ്ങൾക്ക് തോന്നി, നിങ്ങൾക്കുണ്ടായോ സമാന തിരിച്ചറിവ്?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ ചോദ്യം ചെയ്തു. കുരുക്ഷേത്രയിൽ അഭിമന്യുവിനെ ചക്രവ്യൂഹകൊലക്ക് കൊടുത്തവൻ ഞാൻ എന്ന കൗരവദുസ്സൂചന അവഗണിക്കണോ, ധർമ്മപുത്രർപദവിയുള്ള ഞാൻ? പ്രകോപിതനാവരുത് എന്ന എന്റെ വിനീതമായ താക്കീതവൻ വീണ്ടും വീണ്ടും തള്ളിയപ്പോൾ, വേണ്ടിവന്നു താക്കീത്, അർജ്ജുനാ മറക്കരുതേ നീ, എന്റെ അച്ഛൻ കാലൻ, നീ പ്രസന്നൻ എങ്കിൽ മാത്രം ഞാൻ ധർമ്മിഷ്ഠൻ”. അതോടെ അർജ്ജുനൻ വാലാട്ടി.

◇ 2025/02/20 ◇

“പിതാമഹന്റെ ആരോഗ്യ നിലയിൽ നേരിയ പുരോഗതി? അതോ, ശരശയ്യയിൽ നിദ്രാവിഹീനം ഭീഷ്മശയനം?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“അതന്വേഷിക്കാൻ പാണ്ഡവർക്ക് പ്രവേശനം നിഷേധിച്ച ശരശയ്യ. കൂട്ടിന്ന അനുമതി കിട്ടിയ പാഞ്ചാലി പിതാമഹനെ വിളിച്ചുണർത്തി ഉടൽ ശുചിയാക്കി വസ്ത്രം മാറ്റി ദ്രവരൂപത്തിലുള്ള ആഹാരം വായിൽ ഒഴിച്ച് കൊടുത്തു. അതിരങ്ങി എന്നപ്പോൾ യുധിഷ്ഠിരൻ അനുമാനിച്ചു, ഹസ്തിനപുരിയിലേക്ക് മടങ്ങിപ്പോകാൻ പാഞ്ചാലിയെ വിളിച്ചു. രണ്ടിൽ ഒന്നറിഞ്ഞേ വരൂ എന്നവൾ ശഠിച്ചു. ഞങ്ങൾ മനം മാറ്റം പ്രതീക്ഷിച്ചു കൈകൾ പിണച്ചു കാത്തിരിക്കുന്നു. നയതന്ത്രം ഫലിക്കുമോ എന്നു നിങ്ങൾ നോക്കാമോ?”

“ആരോഗ്യ നിലയിൽ നേരിയ പുരോഗതി? അതോ, ശരശയ്യയിൽ നിദ്രാവിഹീനം ഭീഷ്മശയനം?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“അതന്വേഷിക്കാൻ പാണ്ഡവർക്ക് പ്രവേശനം നിഷേധിച്ച ശരശയ്യ. കൂട്ടിന്ന അനുമതി കിട്ടിയ പാഞ്ചാലി പിതാമഹനെ വിളിച്ചുണർത്തി ഉടൽ ശുചിയാക്കി വസ്ത്രം മാറ്റി ദ്രവരൂപ ആഹാരം വായിൽ ഒഴിച്ച് കൊടുത്തു. അതിരങ്ങി എന്നറിപ്പോൾ യുധിഷ്ഠിരൻ അനുമാനിച്ചു, ഹസ്തിനപുരിയിലേക്ക് മടങ്ങിപ്പോകാൻ പാഞ്ചാലിയെ വിളിച്ചു. രണ്ടിൽ ഒന്നറിഞ്ഞേ വരൂ എന്നവൾ ശഠിച്ചു. ഞങ്ങൾ മനംമാറ്റം പ്രതീക്ഷിച്ചു കൈകൾ പിണച്ചു കാത്തിരിക്കുന്നു. നയതന്ത്രം ഫലിക്കുമോ എന്നു നിങ്ങൾ ഒന്നു നോക്കാമോ?”

“കൗമാര രതിയനുഭവം ലൈംഗിക അതിക്രമം ആയിരുന്നു എന്നല്ലേ നിങ്ങളുടെ രക്ഷിതാവ് നീതിപീഠത്തിന് മുമ്പിൽ പറഞ്ഞത്? അപ്പോൾ, പ്രതി വിചാരണ നേരിടേണ്ടെ?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. ജീവിത സായാഹ്നം.

“കൗമാരപ്രായത്തിൽ ആയിരുന്നു എങ്കിലും, ശാരീരികബന്ധം പരസ്പരസമ്മതത്തോട് കൂടിയല്ലേ. അതുകൊണ്ട് തന്നെ അതിജീവിത അല്ല, ആസ്വാദകയാണ് ഞാൻ. രതിപൂഷണമോ പെണ്ണുടൽ ദുരുപയോഗമോ ഉണ്ടായില്ല. കുറ്റാരോപിതനായ ആകാശാചാരി എന്നല്ല പ്രതിയെ വിളിക്കേണ്ടത്, “പ്രകാശങ്ങളുടെ തമ്പുരാൻ” എന്നാകുന്നു. ഇതൊക്കെ അറിയുമ്പോൾ അല്ലെ നീതിമാൻ വിവേകപുരുഷൻ ആവുക?”

◇ 2025/02/23 ◇

“പാണ്ഡവർക്ക് പൗരാവകാശങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിഷേധിച്ചിട്ടും, അവരുമായി രഹസ്യ ഒത്തുതീർപ്പിലെത്താൻ ദുര്യോധനൻ വഴിവിട്ട് ശ്രമിച്ച എന്ന ആരോപണവുമായി, ഏകാംഗപ്രതിപക്ഷവും യുക്തിവാദിയുമായ ചാർവാകൻ, കൗരവ സത്യസന്ധതയെ പ്രതിക്കൂട്ടിൽ ആക്കിയല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധമേഘങ്ങൾ കറുത്തു തുടങ്ങിയ ഗംഗാസമതലം, പാണ്ഡവർ അജ്ഞാതവാസം കഴിഞ്ഞു വിരാടത്തിൽ യുദ്ധഒരുക്കത്തിലായ സംഘർഷ കാലം.

“പൗരാവകാശങ്ങൾ നിഷേധിച്ചിട്ടില്ല, എന്നാൽ ശിക്ഷാകാലാവധിയിൽ അവ മരവിപ്പിച്ചു. വിരാടയിൽ സൈനികസംഭരണം ചെയ്യുന്ന പാണ്ഡവരുമായി അവസാന ശ്രമമെന്ന നിലയിൽ ശാന്തിദൂതുമായി ദുര്യോധനൻ ഒത്തുതീർപ്പിലെത്താൻ ശ്രമിച്ച എന്നതൊരു വസ്തുത. ജീവിയ്ക്കാനുള്ള പാണ്ഡവരുടെ ആവശ്യത്തിന് കുരുവംശ നിയമപരിരക്ഷ വേണമെങ്കിൽ, പാണ്ഡവർ ഹിമാലയചുരത്തിലേക്ക് കാവൽജോലിക്കായി താമസം മാറ്റണം എന്നൊരുപാധി വച്ച് യോഗം പിരിഞ്ഞു. രഹസ്യമായല്ല. രാജസഭയിൽ പാണ്ഡവപ്രതിനിധിയുമായി. അന്തഃപുരത്തിലോ ഭൂഗർഭഅറയിലോ അല്ല. മൃഗമാംസപ്രിയൻ ചാർവാകൻ പരിഭവത്തിലെന്നു വ്യക്തം. ഊട്ടുപുരയിൽ പതിവായി കിട്ടിക്കൊണ്ടിരുന്ന കാട്ടുപന്നിയിറച്ചി വിളമ്പുന്നതിൽ കുറവ് വരുത്തേണ്ടിവന്നതിൽ മഹാബ്രാഹ്മണന്റെ അതൃപ്തിഞങ്ങൾ ഉൾക്കൊള്ളുന്നു. വർഗം നോക്കാതെ ഏതു മൃഗവും, ഊട്ടുപുരയിൽ വിളമ്പാൻ അത്യന്നത തലത്തിൽ തീരുമാനമായി. വേറെ ചോദ്യങ്ങൾ ഒന്നുമില്ലെങ്കിൽ വിട!” ഒരുമാസം മുമ്പുവരെ തക്ഷശിലയിൽ രാജ്യതന്ത്ര വിദ്യാർത്ഥിയായിരുന്ന, ദുര്യോധനന്റെ ഇളയമകൻ ഭരണകൂട വക്താവായി നിയമനം കിട്ടിയിട്ട് ദിവസങ്ങൾ മാത്രം.

“വേറെ ഗുരു ആരും ഇല്ലേ നാട്ടിൽ? ദ്രോണരെ മാത്രം ബന്ധപ്പെടാൻ എന്താ കാര്യം?”, കൊട്ടാരം ലേഖിക വിരൽ പോയ യുവാവിനോട് ചോദിച്ചു.

“അതിശയോക്തിപരമായ വാദ്ധാനങ്ങൾ എന്നെ മോഹിപ്പിച്ചു. നിഷാദയുവാവിന് ദിവ്യാസ്ത്രം എന്നതൊരു തട്ടിപ്പാണെന്ന് അപ്പോൾ അറിഞ്ഞില്ല. ഉന്നത സൈനിക പരിശീലനം മുഴുവൻ സ്ഥിരീകരിക്കാത്ത വാർത്ത നിറഞ്ഞ ഇടമായിരിക്കും എന്നറിയാനും. ദ്രോണർ ആൾ കണ്ടാൽ കേമൻ എങ്കിലും വെറുതെ കിട്ടിയാൽ വിരലും കഴിക്കും! ഗുരുനിന്ദ ഭയമുണ്ട് ഒന്നും കൂടുതൽ അറിയാൻ ഇട വരുത്താതെ വന്ന വഴിയെ പോവുമല്ലോ. സുന്ദരികളായ കൊട്ടാരം ലേഖികകൾക്ക് പോവാൻ തള്ളവിരൽ മാത്രമാവില്ല.”

◇ 2025/02/24 ◇

“ബലം പ്രായോഗിച്ചു വേണോ ഒന്നുകളിപ്പിച്ചെടുക്കാൻ?”, കാഴ്ച കണ്ട് ഞെട്ടിയ കൊട്ടാരം ലേഖിക ചോദിച്ചു.

“പാഞ്ചാലിയുമൊത്തു പതിവായി നീന്തിക്കുളിച്ച ഈ ജലാശയം കുറച്ചു നാളായി, അവനെ ഭയപ്പെടുത്തുന്നു. പേടി മാറ്റാൻ ആഴങ്ങളിലേക്ക് ഞാനവനെ ഒന്നുന്തിയിട്ടാൽ, “അരുതേ, നാഗരാജ്യത്തിൽ നിന്നെന്നെ വലിച്ചു കൊണ്ടു പോവാൻ, ഉലൂപി അതാ വരുന്നു”, എന്നവൻ വിറക്കും.

“കുളത്തിലിറങ്ങേണ്ട നീ, ഈ കൽപ്പരപ്പിലിരുന്നാൽ ഞാൻ ജലധാര ചെയ്യാ“മെന്നുറപ്പ് പറയുമ്പോൾ,” എവിടെ എന്നോടൊപ്പം കടലിൽ നീന്താൻ വന്ന ധീര സുഭദ്ര!”, എന്നവൻ ചുറ്റും നോക്കുന്നു.

“മകൻ അഭിമന്യു മരിച്ചപ്പോൾ മനം തകർന്നവൾ ദ്വാരകയിലേക്ക് തിരിച്ചുപോയിട്ട് കാലമെത്രയായി അർജ്ജുനാ, എന്നോർമ്മിപ്പിക്കുമ്പോൾ “എന്നെ അനാഥനാക്കിയോ പ്രിയസുഭദ്രാ!” എന്നവൻ ഏങ്ങലടിക്കുന്നു. വയോജന വിഷാദ രോഗത്തിന്റെ തുടക്കമെന്നു പാഞ്ചാലി കരുണയില്ലാതെ രോഗനിർണ്ണയം ചെയ്യുന്നു”. പിടിവിടും മുമ്പവനെ കാട്ടിലേക്കയക്കാമെന്നവൾ നകുലനോട് പിറുപിറുക്കുമ്പോൾ, “ആദ്യം നിന്നെ ഞങ്ങൾ വനവാസത്തിനയക്കട്ടെ, ചെന്നായയും കരിമൂച്ചയും തിന്നു നീ എല്ലിൻക്കൂട് മാത്രമാവുമ്പോൾ മതി എനിക്ക് സ്വർഗ്ഗാരോഹണം”, എന്നർജ്ജുനൻ പാഞ്ചാലിയെ വെല്ലുവിളിക്കുന്നു”. ഭീമൻ ഇഴഞ്ഞിഴഞ്ഞു, പക്ഷേ, കാരുണ്യത്തോടെ സംസാരിക്കുമ്പോൾ, കുരുക്ഷേത്രയിൽ മരിച്ച അഭിമന്യുവിനു അർജ്ജുനൻ “ഇനി നീ വരുംയുഗ ചക്രവ്യൂഹത്തിൽ പെട്ടാൽ, മന്ത്രം ഒരക്ഷരം പോലും നീ മറക്കരുത്”, എന്ന് ചൂണ്ടു വിരൽ ഉയർത്തി, ഓരോ ദിവ്യമന്ത്രാക്ഷരവും വ്യക്തമായി മകനു ചൊല്ലിക്കൊടുക്കുന്നു. തിരശ്ശീല വീഴാറായി എന്നു മദ്രീപുത്രൻ സഹദേവൻ തിരിച്ചറിയുന്നു.

◇ 2025/02/25 ◇

“രാജമാതാ സത്യവതിയുടെ പിൻഗാമികൾ അല്ലേ കൗരവരും പാണ്ഡവരും? തർക്കം തീർക്കാൻ തമ്മിൽ പോരടിക്കേണ്ട കാര്യം?”, കൊട്ടാരം ലേഖിക ഭീമനോടു ചോദിച്ചു. കുരുക്ഷേത്ര.

“പ്രതിജ്ഞ ഞാൻ പാലിക്കേണ്ടേ? പതിമൂന്ന് കൊല്ലമായി പാഞ്ചാലിയുടെ കേശപരിപാലനം തടസ്സപ്പെട്ടില്ലേ. എപ്പോൾ ചോദിച്ചാലും പ്രിയതമ ഓർമ്മിപ്പിക്കും, രക്തദാഹിയാണ് രൗദ്രഭീമാ എന്റെ മുടി. നിന്റെ ക്രൂരത്ത വിരൽനഖങ്ങൾ ഏറ്റെടുത്ത ഐതിഹാസിക നിയോഗം തടസ്സപ്പെടരുതെ, നിന്നെ ഞാൻ പൊറുക്കില്ല. എന്തും ഞാൻ മറക്കും, പ്രിയപ്പെട്ടവൾക്ക് നീ കൊടുത്ത വാക്കൊഴികെ”. ഭീമനഖങ്ങളുടെ കാര്യക്ഷമത കൗരവരിൽ ബോധ്യമാവാൻ അവസരം ഏതു നിമിഷവും!

◇ 2025/02/27 ◇

“കൗന്തേയരും മാദ്രേയരും ആയി ആദ്യം പാണ്ഡവരെ ഭിന്നിപ്പിക്കുന്നു, പിന്നീട് മൂന്നു കൗന്തേയരെ, പ്രായം നോക്കി പോരടിപ്പിക്കുന്നു, രണ്ടു മാദ്രേയരിൽ നകുലനെ പരിഗണനയോടെ പരിചരിക്കുന്നു. ഇങ്ങനെ ബഹുഭർത്തൃത്വത്തിൽ വിഘടന വാദത്തിലൂടെ അഞ്ചു പേരെ നാലു തട്ടിലാക്കി എന്നാണ് നിരീക്ഷകനായ ചാർവാകൻ പറയുന്നത്. എങ്ങനെ നേരിടും, കുതിരപ്പന്തി സംവാദത്തിലെ അപഖ്യാതി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ കാലം.

“സംഘർഷഭരിത കൂടിയേറ്റക്കാലം, അഭിലാഷങ്ങൾ പൂവണിഞ്ഞ ഇന്ദ്രപ്രസ്ഥം കാലം, വ്യാഴവട്ടക്കാല ദുരിത വനവാസം, അവഹേളന നിറഞ്ഞ അജ്ഞാതവാസക്കാലം എന്നീ അവസ്ഥകളിലൂടെ കടന്നു പോവുമ്പോഴും, സാധുതയുള്ള പാണ്ഡവത്വം അംഗീകരിക്കുകയും, അർഹതപ്പെട്ട അവകാശങ്ങൾക്കായി ഒപ്പം നിൽക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രതിപങ്കാളികൾ എന്നനിലയിൽ, ഞാൻ അവരെ കൗന്തേയരും മാദ്രേയരും ആക്കി വേർതിരിച്ചു, പ്രായവ്യത്യാസങ്ങളെ കായികമായി അറിഞ്ഞു. ചിലരെ ചിലപ്പോൾ ഇഷ്ടപ്പെട്ടു. ചിലരെ സഹിച്ചു. അതിനിടയിൽ, ഇതിനെയെല്ലാം കൂട്ടിച്ചേർത്ത നിലപാടുണ്ട്—എന്നാണ് യുക്തിവാദി ചാർവാകൻ അല്ലേ? അതല്ലേ പാഞ്ചാലിയുടെ സ്വാർത്ഥത!”

◇ 2025/02/28 ◇

“ഇതാരുടെ?”, കൊട്ടാരം ലേഖിക കാണിച്ച ചിത്രം നോക്കി ഒന്ന ഞെട്ടിയ മഹാറാണി ചോദിച്ചു. ഇന്ദ്രപ്രസ്ഥം കൊട്ടാരം.

“പരിചയം തീരെ തോന്നുന്നില്ല? അങ്ങനെയും സംഭവിക്കാം. കൂടിയേറ്റക്കാരിയായി വിത്തും കൈക്കോട്ടും ചുമന്ന ഖാണ്ഡവപ്രസ്ഥം വനത്തിൽ പൊറുതി തുടങ്ങിയ ഈ സ്ത്രീ ഞങ്ങൾക്കിടയിൽ പാഞ്ചാലി എന്നറിയപ്പെടുന്ന. എന്നാൽ അവൾക്കുള്ളിൽ ഒരുപക്ഷേ, നിങ്ങൾക്ക് മാത്രം അറിയാവുന്ന വേറെ ഒരു പാഞ്ചാലി ഉണ്ടെന്നറിയാം, അവളെ പുറത്തുകൊണ്ടുവരാൻ ആണ് കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ!”

“വനവാസത്തിന് ഇളവ് പരിഗണിക്കുന്നുണ്ടല്ലേ? ഉപദേശകസമിതി യോഗംകൂടി നല്ലനടപ്പ് വിലയിരുത്തിയോ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ആശ്രമ വളർത്തുമൃഗങ്ങളെ പാണ്ഡവർ പതിവായി വേട്ടയാടിയ ദുരനുഭവങ്ങൾ ശ്രദ്ധയിൽ പെട്ടു. മാലിന്യനീക്കം ഭാര്യയെ ഏൽപ്പിച്ചു എന്നും വിവരം കിട്ടി. ഇനി വൈകില്ല, അക്ഷയപാത്ര സൗജന്യഭക്ഷണം നിർത്തലാക്കും. ശിക്ഷ ഇളവാണോ വേണ്ടത് കാലാവധി കൂട്ടുകയാണോ, അതൊക്കെ നീതിപതിക്ക് വിടുന്ന, നിയമവ്യവസ്ഥ പാലിക്കണമല്ലോ, പരിഷ്കൃതകൗരവർ പാണ്ഡവരെ പോലെ കാടൻ രീതി പിന്തുടരാമോ?”

“ദുര്യോധനൻ മരിക്കും മുമ്പ് തന്നെ നിങ്ങൾ പോർക്കളം വിട്ടല്ലോ. പെരുമാറ്റത്തിൽ സൂക്ഷ്മത പാലിക്കാൻ പിഴച്ചുവോ?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു കുരുക്ഷേത്ര.

“ചാവും വരെ അവനു കൂട്ടായിരിക്കട്ടെ കഴുകനും കുറുനരിയും. എന്നാൽ ഇന്ന് രാത്രി പാണ്ഡവർക്ക് യുദ്ധവിജയം, പോരുന്നോ കൂടെ?”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014